**പതിനാലാംകേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6229** **20-11-2019 ൽ മറുപടി**

**ജലസമൃദ്ധി പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ജലസമൃദ്ധി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; സംസ്ഥാനത്ത് എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | വറ്റാത്ത ഉറവയ്ക്കായി "ജലസമൃദ്ധി" എന്ന ലോകശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞ ജലവിഭവപരിപാലനസംരക്ഷണപദ്ധതി നടപ്പിലാക്കി വരുന്നത് കാട്ടാക്കട അസംബ്ലി നിയോജകമണ്ഡലത്തിലാണ്. 2016 ജൂൺ 5 ന് (ലോകപരിസ്ഥിതി ദിനം) ബഹു. കാട്ടാക്കട നിയോജകമണ്ഡലം എം.എൽ.എ, ജലസമൃദ്ധമായ നിയോജകമണ്ഡലം എന്ന ആശയം മുന്നോട്ടുവയ്ക്കുകയും 2017 മാർച്ച് 22 ന് (ലോക ജലദിനം) ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു. 2016 ജൂൺ 5 മുതൽ 2017 മാർച്ച് 22 വരെയുള്ള കാലയളവുകൊണ്ട് ജനപങ്കാളിത്തത്തോടെ സമഗ്രമായ ഒരു ജലവിഭവസംരക്ഷണ പരിപാലനരേഖ തയ്യാറാക്കുന്നതിന് സാധിച്ചു. 113.80 ചതുരശ്രകി.മീറ്റർ വിസ്തൃതിയുള്ള മണ്ഡലത്തിൽ 314 കുളങ്ങളും 43000 കിണറുകളും കൂടാതെ 31 കി.മീ. നെയ്യാർ ജലസേചനപദ്ധതിയുടെ കനാലുമുണ്ട്. നെയ്യാർ, കരമന നദീതടങ്ങളിലേക്ക് ചരിഞ്ഞുകിടക്കുന്നുവെന്നതുകൊണ്ടു തന്നെ മഴക്കാലം കഴിഞ്ഞാൽ ജലലഭ്യത കുറയുന്ന പ്രദേശങ്ങൾ ധാരാളമുണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിന് ഹ്രസ്വകാലകർമ്മപരിപാടിയും ദീർഘകാലകർമ്മപരിപാടിയും സമഗ്രനീർത്തടാടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്തു.<br>ജലസമൃദ്ധിയുടെ ഭാഗമായി നടത്തിയ പ്രധാനപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കൃത്രിമ ഭൂജലപോഷണം<br>2. മഴവെള്ളസംഭരണം<br>3. കിണർ റീച്ചാർജ്ജിംഗ്<br>4. മഴക്കുഴികൾ<br>5. 5വർഷക്കാലം കൊണ്ട് ഒരു ലക്ഷം വൃക്ഷങ്ങൾ |

| | | | |
|---|---|---|---|
| | | | 6. നീർത്തടയാത്രാ/പുഴനടത്തം<br>7. കുളം ശുചിയാക്കൽ/സംഭരണശേഷി വർദ്ധിപ്പിക്കൽ<br>8. പാറക്വാറിയിലെ ജലം ഭൂജലപോഷണത്തിന് ഉപയോഗപ്പെടുത്തുക<br>9. ഫാം പോണ്ടുകളുടെ നിർമ്മാണം<br>10. ജലക്ലബ് - എല്ലാ സ്കൂളുകളിലും<br>11. ജലമിത്രം - ഒരു വാർഡിൽ 5 പേർ (ആകെ 122 വാർഡുകൾ)<br>12. ജലഗുണനിലവാരപരിശോധന - എച്ച്.എസ്.എസ് സ്കൂളുകളിലെ വിദ്യാർത്ഥികൾ-അദ്ധ്യാപകർ<br>13. ചെറുതോടുകളുടെ പുനരുജ്ജീവനം<br>14. സാധ്യമാകുന്ന എല്ലാ സ്കൂളുകളിലും ഭൂജലപോഷണം- ഇത് അംഗൻവാടികൾ, സർക്കാർ ആഫീസുകൾ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചു.<br>15. ഹരിതവിദ്യാലയം-മാലിന്യസംസ്കരണം, ജലസംരക്ഷണം, കൃഷിവ്യാപനം<br>16. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, സന്നദ്ധസംഘടനകൾ തുടങ്ങി (17 ൽ ഏറെ) സമഗ്രമായ ഏകോപനം<br>17. കൃത്യമായ ഇടവേളകളിലെ വിലയിരുത്തലുകൾ<br>18. ജൈവമാർഗ്ഗങ്ങൾ വലിയതോതിൽ ഉപയോഗിച്ചുള്ള മണ്ണ്-ജലപരിപാലനം<br>19. നെൽകൃഷി ഉൾപ്പെടെ വ്യാപിപ്പിക്കാൻ സാധിച്ചു.<br>20. ഉൾനാടൻ മത്സ്യകൃഷി വ്യാപനം<br>21. 8 സ്ഥാപനങ്ങളിൽ ജല ഓഡിറ്റിംഗ് |

| | | | |
|---|---|---|---|
| | | | 22.മൈക്രോ കുടിവെള്ള പദ്ധതി തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിഞ്ഞു. ഇതിന്റെ ഗുണഫലങ്ങൾ എന്ന നിലയിൽ ചുവടെപ്പറയുന്നവ നേടുന്നതിന് ചുരുങ്ങിയ കാലംകൊണ്ട് കഴിഞ്ഞിട്ടുണ്ട്.<br>◆ ടാങ്കർ ലോറികൾ വഴിയുള്ള കുടിവെള്ളമെത്തിക്കൽ, മണ്ഡലത്തിൽ ഒഴിവാക്കാൻ സാധിച്ചു.<br>◆ ഭൂജലലഭ്യത കണക്കനുസരിച്ച് സെമിക്രിട്ടിക്കൽ ബ്ലോക്കായിരുന്ന നേമം, നിലവിലെ കണക്കനുസരിച്ച് സുരക്ഷിത ബ്ലോക്കിലേക്ക് മാറി.<br>◆ പ്രധാനതോടുകളിൽ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലും നീരൊഴുക്ക് നിലനിൽക്കുന്നു.<br>◆ തദ്ദേശീയ ജലസംരക്ഷണമാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്താൻ ജനങ്ങൾ സന്നദ്ധരായി വരുന്നു. ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്ന മാലിന്യത്തിൽ വലിയതോതിലുള്ള കുറവ് ദർശിക്കാൻ കഴിയുന്നു. ഇതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും ഒരു ചെറുനീർത്തടത്തിലാകെയുള്ള മണ്ണ്-ജലസംരക്ഷണപ്രവർത്തനമാക്കാനും കഴിഞ്ഞിട്ടുണ്ട്.<br>കാട്ടാക്കട നിയോജക മണ്ഡലത്തിലെ 40 സർക്കാർ സ്ഥാപനങ്ങളിലും 5 അംഗനവാടികളിലും കിണർ റീചാർജ്ജിംഗ് പദ്ധതി ഭൂജലവകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചുകൊണ്ട്, തിരുവനന്തപുരം ജില്ലാ ഓഫീസ് മുഖേന നടപ്പിലാക്കിയിട്ടുണ്ട് വകുപ്പ് നടപ്പിലാക്കിയ ഭൂജലസംപോഷണ പ്രവർത്തനങ്ങൾ ഭൂജലവിതാനം ഉയർത്തുന്നതിന് വളരെ ഫലപ്രദമായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പദ്ധതി സംസ്ഥാനമൊട്ടുക്കും | (ബി) | 2018 ആഗസ്റ്റിലെ മഹാപ്രളയത്തെത്തുടർന്ന് വലിയ |

| | | | |
|---|---|---|---|
| | വ്യാപിപ്പിക്കണമെന്ന അന്താരാഷ്ട്ര ജല ഉപദേശക സംഘത്തിന്റെ ശിപാർശ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | തോതിലുള്ള നാശനഷ്ടമാണ് കേരളത്തിലുണ്ടായത്. ഈ ഘട്ടത്തിൽ വിവിധ അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള പദ്ധതിരേഖ തയ്യാറാക്കുകയുണ്ടായി. പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് റിപ്പോർട്ട് (PDNA)- ലെ ജലവിഭവ മേഖലയുമായി ബന്ധപ്പെട്ട അധ്യായം തയ്യാറാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചത് നെതർലാന്റ് സർക്കാരിന്റെ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ടീമിലെ അംഗങ്ങളാണ്. PDNA റിപ്പോർട്ടിനെ തുടർന്ന് കുട്ടനാട് മേഖലയുടെ സുസ്ഥിര സംരക്ഷണവുമായി ബന്ധപ്പെട്ട് ഡച്ച് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ടീം വീണ്ടും കേരളം സന്ദർശിക്കുകയുായി. പ്രസ്തുത അവസരത്തിൽ കാട്ടാക്കട അസംബ്ലി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന "ജലസമൃദ്ധി" പദ്ധതിയുടെ വിശദാംശങ്ങൾ അറിയുന്നതിനായി പ്രദേശം സന്ദർശിക്കുകയും ജനങ്ങളുമായും തദ്ദേശസ്വയംഭരണസ്ഥാപന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുമായി സംവദിക്കുകയും ചെയ്തു. തുടർന്ന്, "കുട്ടനാടിന്റെ സംയോജിത ജലവിഭവപരിപാലനരേഖ" എന്ന റിപ്പോർട്ട് തയ്യാറാക്കിയ ഡച്ച് ടീം കാട്ടാക്കടയിൽ നടപ്പിലാക്കിവരുന്ന ജലസമൃദ്ധി പദ്ധതിയെ "സംയോജിതനീർത്തട പരിപാലനപദ്ധതി"യുടെ ഉത്തമ മാതൃകയായി വിലയിരുത്തുകയും വ്യാപിപ്പിക്കാൻ കഴിയുന്ന ഒരു പ്രവർത്തനമാണെന്ന് നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി. ജലസമൃദ്ധി പദ്ധതിയുടെ മാതൃക നിലവിൽ ഹരിതകേരളമിഷന്റെ ഉപദൗത്യമായി മണ്ണ്-ജലസംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. |
| (സി) | സംയോജിത നീർത്തട പരിപാലന | (സി) | സമഗ്ര ജലസമൃദ്ധി ഉപമിഷന്റെ ഭാഗമായി ഗ്രാമപ |

| | | | |
|---|---|---|---|
| | ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | | ഞ്ചായത്തുതലത്തിൽ സംയോജിത നീർത്തടപരിപാലനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നീർത്തടപ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം 913 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയായിട്ടുണ്ട്. ഇതിൽ മുൻഗണനാപ്പട്ടിക യിൽപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ധനലഭ്യതയനുസരിച്ച് നിർവ്വഹിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ